Draft #1 of File 96856/AC A10-4/2024/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 14-Oct-2024 10:29 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പി.എച്ച്.ഡി പ്രോഗ്രാം - ഗവേഷണത്തിന് രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ ഗവേഷകരുടെ ഒറിജിനൽ വിടുതൽ സർട്ടിഫിക്കറ്റ് പരിശോധിച്ചതിനു ശേഷം തിരികെ നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 9536/AC A 10/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2024

---

*പരാമർശം:*-1. 04.10.2024 തീയതിയിലെ ബഹു:വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

സർവകലാശാലയിൽ പി.എച്.ഡി. കോഴ്സിന് പ്രവേശനം ലഭിക്കുന്ന ഗവേഷകരുടെ ഒറിജിനൽ വിടുതൽ സർട്ടിഫിക്കറ്റുകൾ (TC), അവർ ഗവേഷണം പൂർത്തിയാകുന്നത് വരെയോ അല്ലെങ്കിൽ ഗവേഷണം റദ്ദ് ചെയ്യുന്നത് വരെയോ അതാത് അക്കാദമിക് സെക്ഷനുകളിൽ സൂക്ഷിക്കുന്ന രീതിയാണ് പിന്തുടർന്ന് വന്നിരുന്നത്. ഗവേഷണം എന്നത് കൂടുതൽ കാലയളവിലേക്ക് നീണ്ടുപോകാൻ സാധ്യത ഉള്ള ഒരു കോഴ്സ് ആയതിനാലും, ഗവേഷകർ സമർപ്പിക്കുന്ന വിടുതൽ സർട്ടിഫിക്കറ്റ് ദീർഘനാൾ സെക്ഷനിൽ സൂക്ഷിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നതിനാലും, പ്രസ്തുത സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട പോകുന്നതിനു സാധ്യതയുള്ളതിനാലും, പേപ്പർ ഫയലുകളായി രേഖകൾ സൂക്ഷിക്കുന്ന പരമ്പരാഗത സമ്പ്രദായം സർവകലാശാലയിൽ പൂർണമായി അവസാനിച്ച സാഹചര്യത്തിലും, ബഹു. വൈസ് ചാൻസലർ താഴെ പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്;

- 2024 പ്രവേശന വർഷം മുതൽ, ഗവേഷകരുടെ അസ്സൽ വിടുതൽ സർട്ടിഫിക്കറ്റ് പരിശോധനക്ക് ശേഷം ഗവേഷകർക്ക് തിരികെ നൽകുന്നതിനും, അത് ഗവേഷകർ തങ്ങളുടെ ഗവേഷണ കേന്ദ്രങ്ങളിൽ സമർപ്പിച്ച് അവിടെ സൂക്ഷിക്കുന്നതിനും, ആയതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങൾ അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും,

- കോഴ്സ് പൂർത്തിയാകുന്ന / രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്ന സാഹചര്യത്തിൽ, ഉത്തരവുകളുടെ / ബാധ്യതാ രേഖകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളിൽ നിന്ന് ഗവേഷകർക്ക് പുതിയ വിടുതൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും,

- രജിസ്ട്രേഷൻ സ്ഥിരീകരിക്കുന്ന സമയത്തു ബന്ധപ്പെട്ട ക്വാളിഫയിങ് സർട്ടിഫിക്കറ്റിന്റെ മറുപുറത്തു മാത്രം രജിസ്ട്രേഷൻ വിവരങ്ങൾ എൻഡോർസ് ചെയ്ത് മുദ്ര പതിപ്പിച്ച നൽകുന്നതിനും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ഗവേഷണ കേന്ദ്ര മേധാവികൾക്കും / റിസേർച് ഡയറക്ടർ
2. വൈസ് ചാൻസലറുടെ പി.എസ്/ രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ പി. എ. മാർ
3. IT CELL സെക്ഷൻ (റിസർച്ച് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. AR IV (Acad), DR I (Acad ), JR II (Admn)
5. Ac A II / VI / XI / XIII / XIV / XV സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / ഫയൽ നം. 96856/Ac A10-4/2024/Ac A10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ